# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2021 — 11.02.2020 ൽ മറുപടിയ്ക്ക്

## ആംബുലൻസ് അപകടങ്ങൾ

| ചോദ്യം<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജീവൻരക്ഷാ ദൗത്യത്തിന്റെ ഭാഗമായി ട്രാഫിക് നിയമങ്ങൾ പാലിക്കാതെയുള്ള ആംബുലൻസുകളുടെ അമിത വേഗതമൂലം നിരവധി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2010 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ ഇത്തരത്തിൽ സംഭവിച്ചിട്ടുള്ള അപകടങ്ങളുടെയും അതിൽ പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | 2010 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ ജീവൻരക്ഷാ ദൗത്യത്തിന്റെ ഭാഗമായി ട്രാഫിക് നിയമങ്ങൾ പാലിക്കാതെയുള്ള ആംബുലൻസുകളുടെ അമിത വേഗത മൂലം 640 അപകടങ്ങൾ ഉണ്ടാകുകയും അതിൽ 142 പേർ മരണമടയുകയും 769 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ആംബുലൻസുകളുടെ അമിത വേഗത മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുകൾക്കും ആംബുലൻസ് ഡ്രൈവർമാർക്കും നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ചും വിശദമാക്കാമോ ; | (സി) | 2012 മുതൽ 2018 വരെയുള്ള കാലയളവിൽ ഉണ്ടായ ആംബുലൻസ് അപകടങ്ങളുടെ വിവരങ്ങൾ അപഗ്രഥനം നടത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിലുണ്ടായ അപകടങ്ങളിൽ 17% ഉം മാരുതി ഒമ്നി ഇനത്തിൽപ്പെട്ട ആംബുലൻസുകൾ ഉൾപ്പെട്ടവയാണെന്ന വിവരം ഗതാഗത വകുപ്പിനെ അറിയിക്കുകയും മാരുതി ഒമ്നി ഇനത്തിൽപ്പെട്ട വാഹനങ്ങൾ ആംബുലൻസുകളായി ഉപയോഗിക്കുന്നത് നിരോധിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>ആംബുലൻസുകളുടെ അമിത വേഗത മൂലം ഉണ്ടാകുന്ന അപകടങ്ങൾ തടയുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | അത്യാവശ്യഘട്ടങ്ങളിലല്ലാതെ അമിത വേഗതയിൽ ആംബുലൻസുകൾ ഓടിക്കുന്ന ഡ്രൈവർമാരെ നിരീക്ഷിക്കുന്നതിനും, അപകടങ്ങൾ ഉണ്ടാക്കുക, മദ്യപിച്ച് വാഹനമോടിക്കുക തുടങ്ങിയ ട്രാഫിക് കുറ്റ-കൃത്യങ്ങളിൽ ഏർപ്പെടുന്ന ആംബുലൻസ് ഡ്രൈവർമാരെ കണ്ടെത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും എസ്.എച്ച്.ഓ മാർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ആശുപത്രികളുമായി ബന്ധപ്പെട്ടും, സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന ആംബുലൻസുകളുടെ ഡ്രൈവർമാർക്ക് ബന്ധപ്പെട്ട വകുപ്പുകൾ വഴിയും, പോലീസ് നേരിട്ടും ബോധവത്കരണം നടത്തി വരുന്നു. |
| (ഡി) | വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഇക്കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണന-യിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ആംബുലൻസുകളുടെ വേഗത, നിയമപരമല്ലാത്ത ഉപയോഗം എന്നിവ വിലയിരുത്തുന്നതിനായി മറ്റു വാഹനങ്ങളിലേതുപോലെ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുവാൻ മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. |

[signature]

**സെക്ഷൻ ഓഫീസർ**